# സ്വർഗത്തിലേക്കുള്ള പാത പ്രയാസം നിറഞ്ഞതാണ്

**عَنْ أَنَسٍ رَضِي الله عَنْه قَالَ: قَالَ رَسُولُ اللهِ ﷺ: حُفَّتِ الْجَنَّةُ بِالْمَكَارِهِ، وَحُفَّتِ النَّارُ بِالشَّهَوَاتِ**

**അനസി(റ)ൽ നിന്ന്: നബി(സ) പറഞ്ഞു:**
**"സ്വർഗത്തെ പ്രയാസങ്ങൾ വലയം ചെയ്തിരിക്കുന്നു.**
**നരകത്തെ ദേഹേച്ഛകളും വലയം ചെയ്തിരിക്കുന്നു" (ബുഖാരി).**

മനുഷ്യ ജീവിതത്തിന്റെ പരമമായ ലക്ഷ്യം അല്ലാഹുവിന്റെ പ്രീതി സമ്പാദിക്കലാണ്. അവന്റെ പ്രീതി നേടുന്നവർക്കായി അവൻ ഒരുക്കിയിട്ടുള്ള അത്യുന്നതമായ പ്രതിഫലമാണ് സ്വർഗം. അവന്റെ അപ്രീതിക്ക് പാത്രമായവരെ കാത്തിരിക്കുന്നതാകട്ടെ കത്തിജ്വലിക്കുന്ന നരകവും. അല്ലാഹുവിന്റെ പ്രീതിയും അതുവഴി അവൻ ഒരുക്കിയിട്ടുള്ള സ്വർഗവും കരസ്ഥമാക്കുക അനായാസമല്ല എന്ന് മേൽപറഞ്ഞ തിരുവചനത്തിൽനിന്ന് മനസ്സിലാക്കാം. സച്ചരിതരായ മുൻഗാമികൾ തരണംചെയ്ത പ്രയാസങ്ങൾ നേരിടാതെ കുറുക്കുവഴിയിലൂടെ സ്വർഗത്തിൽ പ്രവേശിക്കാമെന്ന് വ്യാമോഹിക്കേണ്ടതില്ല എന്ന് പരിശുദ്ധ ഖുർആനും നമ്മെ ഉണർത്തുന്നു.

വിശ്വാസി അല്ലാഹുവിന്റെ മാർഗത്തിൽ അചഞ്ചലനായി നിലയുറപ്പിക്കുമ്പോൾ അഭിമുഖീകരിക്കേണ്ടിവരുന്ന പ്രതിസന്ധികൾ അനവധിയാണ്. തീവ്രവാദിയെന്നും ഭീകരവാദിയെന്നുമൊക്കെ അവനെ സമൂഹം മുദ്രകുത്തിയേക്കും. ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും ശകാരവർഷങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നേക്കും. ചിലപ്പോൾ അവനെ കാത്തിരിക്കുന്നത് കൊടിയ പീഡനങ്ങളുമായിരിക്കും. ഈ സന്ദർഭങ്ങളെയെല്ലാം സമചിത്തതയോടെ നേരിടാൻ അവനെ പ്രാപ്തനാക്കുന്നത്, അന്തിമ വിജയം അല്ലാഹുവിന്റെ പ്രീതിക്ക് പാത്രമായവർക്ക് മാത്രമാണ് എന്ന ഉറച്ച വിശ്വാസമാണ്. അബൂഹുറയ്റ(റ)യിൽനിന്ന്. നബി(സ) പറഞ്ഞു: "ആർക്കെങ്കിലും അല്ലാഹു നന്മ ഉദ്ദേശിച്ചാൽ അല്ലാഹു അവനെ ആപത്തുകൾകൊണ്ട് പൊതിയും" (ബുഖാരി). പരീക്ഷണങ്ങളിലൂടെ കടത്തിക്കൊണ്ടു പോയാണ് അല്ലാഹു ഒരു മുസ്‌ലിമിന്റെ വിശ്വാസത്തെ മാറ്റുരക്കുന്നത്. തന്റെ അടിമക്ക് നന്മയാണ് കാംക്ഷിക്കുന്നതെങ്കിൽ അവനെ പ്രയാസങ്ങളാൽ പൊതിയുകയും അവന്റെ ക്ഷമയെയും സ്ഥൈര്യത്തെയും നിരന്തരം പരീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ഈ പരീക്ഷണങ്ങളും പ്രതിസന്ധികളും അല്ലാഹു തനിക്കായി തയാറാക്കിയ സ്വർഗത്തിലേക്കുള്ള ചൂണ്ടുപലകകളാണ് എന്ന് തിരിച്ചറിയുന്നവനാണ് യഥാർഥ വിശ്വാസി. അവന് മാത്രമേ ദുർഘടപാതയിൽ പാഥേയം കണ്ടെത്താൻ സാധിക്കുകയുള്ളൂ. നബിയും അനുയായികളും കുടിച്ച കണ്ണുനീരിന്റെയും കയ്പ്പുനീരിന്റെയും കഥകൾ നാം ധാരാളം കേട്ടിട്ടുണ്ട്. എന്നാൽ അവരനുഭവിച്ചതിന്റെ പത്തിലൊരംശം പോലും വിഷമതകൾ സഹിക്കാതെ എളുപ്പവഴിയിലൂടെ എങ്ങനെ സ്വർഗ പ്രവേശം സാധ്യമാക്കാം എന്ന ആലോചനയിലാണ് നാം.

നരകത്തെകുറിച്ച് നബി(സ) അരുളിയത് അത് ദേഹേച്ഛകളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നു എന്നാണ്. അഥവാ സ്വദേഹത്തിന്റെ ഇച്ഛകൾക്ക് അടിമപ്പെട്ടവൻ നരകത്തിന്റെ അവകാശിയായിത്തീരുന്നു. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും അല്ലാഹുവിന്റെ വിധിവിലക്കുകളേക്കാൾ സ്വന്തം ആഗ്രഹങ്ങൾക്കും ഇഛകൾക്കും മുൻതൂക്കം നൽകുന്നവർ ഐഹിക ജീവിതത്തെകുറിച്ച് മാത്രം ചിന്തിക്കുന്നവരാണ്. അനന്തവും ശാശ്വതവുമായ പാരത്രിക ലോകത്തെ പാടേ വിസ്മരിക്കുന്ന നഷ്ടകാരികളാണ് ഇക്കൂട്ടർ. ദുൻയാവിൽ തന്നിഷ്ടപ്രകാരം നീങ്ങുന്നവർ പരലോകത്ത് പരിതപിക്കേണ്ടിവരും എന്ന കാര്യം തീർച്ച. സ്വന്തം താൽപര്യങ്ങളെ പിൻപറ്റി ദുൻയാവിന്റെ സുഖലോലുപതയിൽ മുഴുകിയവർ പരലോക ജീവിതമെന്ന പരമസത്യത്തെയാണ് പുച്ഛിച്ച് തള്ളുന്നത്. സ്വന്തം ശരീരത്തോടുള്ള സമരത്തെ 'അൽജിഹാദുൽ അക്ബർ' എന്നാണ് നബി(സ) വിശേഷിപ്പിച്ചത്. ദേഹേച്ഛകളെ അല്ലാഹുവിന്റെ താൽപര്യങ്ങൾക്കനുസരിച്ച് മെരുക്കിയെടുക്കുക എളുപ്പമല്ല. അല്ലാഹുവിന്റെ കൽപനകൾക്കനുസൃതമായി ജീവിതം കെട്ടിപ്പടുക്കുന്നവർക്ക് മാത്രമാണ് ദേഹേച്ഛകളിൽനിന്നും തദ്വാരാ നരകത്തിൽനിന്നും മോചനം സാധ്യമാവുക. ബനൂ ഫിഹ്റിന്റെ സഹോദരൻ മുസ്തൗദിർ(റ)ൽനിന്ന്. നബി പറഞ്ഞു: "പരലോകത്തെ അപേക്ഷിച്ച് ഇഹലോകം നിങ്ങളിലൊരാൾ തന്റെ വിരൽ കടലിൽ മുക്കുന്നത് പോലെയാണ്. മുക്കിയ വിരൽ എന്തുമായി തിരിച്ചുവരുന്നെന്ന് അവൻ നോക്കട്ടെ" (മുസ്‌ലിം). വിരൽ സമുദ്രജലത്തിൽ മുക്കിയാൽ എന്തുലഭിക്കുന്നുവോ അത്രയേ ഇഹലോകത്തു നിന്ന് മനുഷ്യൻ നേടുന്നുള്ളൂ.

മനുഷ്യന്റെ ആത്യന്തിക വിജയപരാജയങ്ങൾ നിർണയിക്കുന്ന ഘടകങ്ങളാണ് ചുരുങ്ങിയ വാക്കുകളിൽ നബി(സ) ഒതുക്കിപ്പറഞ്ഞത്. ഏത് വിഷമസന്ധിയിലും അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് വ്യതിചലിക്കാതെ നിലയുറപ്പിക്കുക വഴി വിശ്വാസിക്ക് കരഗതമാകുന്നത് അതിമഹത്തായ സ്വർഗീയാരാമങ്ങളാണ്. ദേഹേച്ഛകളെ അല്ലാഹു നിർണയിച്ച സീമകൾക്കകത്ത് നിയന്ത്രണ വിധേയമാക്കുമ്പോൾ നരകകവാടങ്ങളും അവന്റെ മുന്നിൽ കൊട്ടിയടക്കപ്പെടുന്നു. സ്വർഗ പ്രവേശവും നരക മോചനവും സാധ്യമാക്കുക വഴി അവന് ലഭിക്കുന്ന ഏറ്റവും അമൂല്യമായ സമ്മാനം പ്രപഞ്ചനാഥന്റെ പ്രീതിയും പൊരുത്തവുമാണ്. ■